II ഇ.ബി. XIII- കേരള നിയമസഭ/XIV-2

# പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2015 ജൂൺ 29, തിങ്കൾ

നിയമസഭ രാവിലെ 08.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എൻ. ശക്തന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

2(*31) പോഷകാഹാര പദ്ധതി

പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ജയലക്ഷ്മി) നൽകിയ മറുപടിയിൽ, എ.പി.എൽ./ബി.പി.എൽ. ഭേദമെന്യേ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഗർഭിണികളുടെയും മുലയൂട്ടുന്ന അമ്മമാരുടെയും കുട്ടികളുടെയും ആരോഗ്യ സംരക്ഷണത്തിനും പോഷകാഹാരം ഉറപ്പാക്കുന്നതിനുമായി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ 11-08-2013 മുതൽ '*ജനനി ജന്മരക്ഷ്* പദ്ധതി നടപ്പിലാക്കിവരികയാണെന്നും ഗർഭാവസ്ഥയുടെ മൂന്നാം മാസം കഴിഞ്ഞ് കുഞ്ഞിന് ഒരു വയസ് തികയുംവരെ പ്രതിമാസം 1000/- രൂപ നിരക്കിൽ

(പരമാവധി 18 മാസംവരെ) ധനസഹായം നൽകിവരുന്നുണ്ടെന്നും ആദിവാസി മേഖലയിലെ ഗർഭിണികളായ എല്ലാ അമ്മമാർക്കും കുട്ടികൾക്കും പദ്ധതിയുടെ പ്രയോജനം ലഭ്യമാകുന്നുവെന്ന് ഉറപ്പുവരുത്താൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും ട്രൈബൽ പ്രൊമോട്ടർമാർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ടെന്നും സഭയെ അറിയിച്ചു. പ്രസ്തുത പദ്ധതി പ്രകാരം സംസ്ഥാനത്തൊട്ടാകെ നാളിതുവരെ 9473 പേർക്ക് ധനസഹായം ഉൾപ്പെടെ അർഹമായ ആനുകൂല്യം നൽകിയിട്ടുണ്ട്. ആദിവാസി വിഭാഗത്തിൽപ്പെട്ട 6 വയസ് വരെയുള്ള കുട്ടികൾ, കൗമാരപ്രായക്കാർ, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, പ്രായമായവർ എന്നിവരിലെ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട നൂറ് പട്ടികവർഗ്ഗ സങ്കേതങ്ങളിൽ കുടുംബശ്രീ അയൽക്കൂട്ടങ്ങളുടെ സഹായത്തോടെ മൂന്ന് നേരം ഭക്ഷണം തയ്യാറാക്കി നൽകുന്ന പദ്ധതിയും നടപ്പിലാക്കി വരുന്നുണ്ട്. ആദിവാസി വിഭാഗത്തിൽപ്പെട്ട ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും അവരുടെ പരമ്പരാഗത ഭക്ഷ്യധാന്യങ്ങൾ നേരിട്ടെത്തിക്കുന്നതിനുവേണ്ടി പാലക്കാട് ജില്ലയിൽ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതി വിജയകരമായാൽ മറ്റ് ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കുന്നതാണ്. കൂടാതെ, ആദിവാസി മേഖലയിലെ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനായി

കൃഷിവകുപ്പുമായി ചേർന്ന് പരമ്പരാഗത കാർഷിക വിളകൾ കൃഷി ചെയ്യുന്നതിനുള്ള പദ്ധതിക്കും രൂപം നൽകിയിട്ടുണ്ട്. വിദൂരവും ദുർഘടവുമായ പാതകളുള്ള പട്ടികവർഗ്ഗ കോളനികളിലെ വിദ്യാർത്ഥികളെ സ്കൂളുകളിലെത്തിക്കുന്നതിനായി 2013-ൽ ആരംഭിച്ച 'ഗോത്രസാരഥി' പദ്ധതി വിജയകരമായി മുന്നോട്ടുപൊയ്ക്കൊണ്ടിരിക്കുകയാണ്. കാലവർഷം ശക്തിപ്രാപിച്ചതുമൂലം ഒറ്റപ്പെട്ടുപോയ ആദിവാസി ഊരുകളിൽ ആവശ്യമായ ഭക്ഷണ സാധനങ്ങൾ എത്തിക്കുന്നതിന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആദിവാസി മേഖലയിലെ കുരങ്ങ് പനി സംബന്ധിച്ച് പരിശോധിക്കുന്നതിനായി ഒരു കോ-ഓർഡിനേഷൻ സമിതി രൂപീകരിക്കുകയും അസുഖം ബാധിച്ച എല്ലാ കുടുംബങ്ങൾക്കും ആവശ്യമായ ഭക്ഷ്യധാന്യങ്ങൾ എത്തിച്ചുകൊടുക്കുകയും അസുഖം ബാധിച്ചവർക്ക് ആളൊന്നിന് 10,000/- രൂപ വീതവും ആശുപത്രികളിൽ കുട്ടിരിപ്പുകാർക്ക് 200/- രൂപ വീതവും അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ആദിവാസി കോളനികളിലെ അപകട ഭീഷണി ഉയർത്തുന്ന മരങ്ങൾ മുറിച്ചുമാറ്റുന്നതിന് ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. വിവിധ വകുപ്പുകളുടെ സംയുക്തമായ ഇടപെടലിലൂടെ ആദിവാസി ശിശുമരണ നിരക്ക് കുറയ്ക്കാൻ സാധിച്ചിട്ടുണ്ടെന്ന് മന്ത്രി കൂട്ടിച്ചേർത്തു. അട്ടപ്പാടി മേഖലയിൽ കമ്മ്യൂണിറ്റി

കിച്ചനകൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടെന്ന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രിയും ആദിവാസി മേഖലകളിൽ അദ്ധ്യാപകരെ നിയമിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുന്നതാണെന്ന് വിദ്യാഭ്യാസ വകുപ്പുമന്ത്രിയും ഉപചോദ്യങ്ങളിലിടപെട്ടുകൊണ്ട് വ്യക്തമാക്കി.

3 (*32) സഹകരണ മേഖലയിൽ പലിശരഹിത ഹ്രസ്വകാല കാർഷിക വായ്പാ പദ്ധതി

സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ) നൽകിയ മറുപടിയിൽ, സഹകരണ മേഖലയിൽ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/സർവ്വീസ് സഹകരണ ബാങ്കുകൾ/കാർഷിക ഗ്രാമ വികസന ബാങ്കുകൾ മുഖേന വിതരണം ചെയ്യുന്ന ഹ്രസ്വകാല കാർഷിക വായ്പകൾ കൃത്യമായി തിരിച്ചടയ്ക്കുന്ന നെൽകൃഷിക്കാർ ഉൾപ്പെടെയുള്ള കർഷകർക്ക് പലിശ സബ്സിഡി നൽകുന്നതിനായി ഉത്തേജന പലിശ ഇളവ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടെന്നും കിസാൻ ക്രെഡിറ്റ് കാർഡ്/ കാർഷികാവശ്യത്തിന് നൽകുന്ന ക്യാഷ് ക്രെഡിറ്റ് എന്നീ വായ്പകൾക്ക് ഈ പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്നതാണെന്നും സംഘത്തിൽ

അംഗങ്ങളായ രണ്ട് ഹെക്ടർ വരെ ഭൂമി കൈവശമുള്ള ചെറുകിട/നാമമാത്ര കർഷകർക്ക് മാത്രമേ ഈ പദ്ധതി പ്രകാരം ആനുകൂല്യത്തിന് അർഹതയുള്ളുവെന്നും സഭയെ അറിയിച്ചു. ഹ്രസ്വകാല കാർഷിക വായ്പയുടെ മുതൽ തുക കാലാവധിക്കുള്ളിൽ കുടിശ്ശികയില്ലാതെ തിരിച്ചടയ്ക്കുന്നവർക്ക് നബാർഡിൽനിന്നും ലഭിക്കുന്ന 3% പലിശ സബ്സിഡി കഴിച്ച് 5% പലിശ സബ്സിഡി സംസ്ഥാന സർക്കാർ അനുവദിക്കുന്നുണ്ട്. നിലവിൽ ഹ്രസ്വകാല കാർഷിക വായ്പയ്ക്ക് 7% പലിശ ആയതിനാൽ 3% പലിശ സബ്‌വെൻഷൻ കഴിച്ച് ബാക്കി 4% പലിശയാണ് സബ്സിഡിയായി അനുവദിക്കുന്നത്. 2011-12-ൽ 2665 കോടി രൂപയും 2012-13-ൽ 2841 കോടി രൂപയും 2013-14-ൽ 3275 കോടി രൂപയും 2014-15-ൽ 3791 കോടി രൂപയും പ്രാഥമിക കാർഷിക വികസന ബാങ്കുകൾ അടക്കമുള്ള സഹകരണ സംഘങ്ങൾ വഴി വിതരണം ചെയ്തിട്ടുണ്ട്. കേരളത്തിലെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് 31-07-2015 വരെ പ്രാബല്യമുള്ള ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യം കർഷകർക്ക് സ്ഥിരമായി അനുവദിക്കണമെന്ന് കേന്ദ്ര ധനകാര്യ വകുപ്പിനോടും കൃഷി വകുപ്പിനോടും ആവശ്യപ്പെട്ടിട്ടുണ്ടെന്നും ജൈവ പച്ചക്കറി കൃഷി ചെയ്യുന്നവരെക്കൂടി ഈ പദ്ധതിയിൽ ഉൾപ്പെടുത്തി വായ്പാ സബ്സിഡി അനുവദിക്കുന്ന കാര്യത്തിന്മേൽ യുക്തമായ തീരുമാനം

കൈക്കൊള്ളുന്നതാണെന്നും ഉപചോദ്യങ്ങളിലിടപെട്ടുകൊണ്ട് മന്ത്രി വ്യക്തമാക്കി.

4(*33) പൊതുമേഖലാ സ്ഥാപനങ്ങളുടെ അവസ്ഥ

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) നൽകിയ മറുപടിയിൽ, വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന പുരോഗതി മാസംതോറും നിരീക്ഷിക്കുന്നതിനും അവലോകനം ചെയ്യുന്നതിനുമായി പ്രത്യേക അവലോകന-നിരീക്ഷണ സംവിധാനം റിയാബ് മുഖേന ഏർപ്പെടുത്തിയിട്ടുണ്ടെന്നും പൊതുമേഖലാ സ്ഥാപനങ്ങൾ നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികളും സ്ഥാപനത്തിന്റെ പ്രവർത്തന പുരോഗതിയും വകുപ്പുമന്ത്രി/പ്രിൻസിപ്പൽ സെക്രട്ടറി തലത്തിൽ അവലോകനം നടത്തി ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിവരുന്നുണ്ടെന്നും സഭയെ അറിയിച്ചു. വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം സംബന്ധിച്ച് സംസ്ഥാന ധനകാര്യ പരിശോധനാ വിഭാഗത്തിന്റെയും സി.&എ.ജി.-യുടെ റിപ്പോർട്ട് പ്രകാരവും വിശദമായ പരിശോധന നടത്തുകയും പൊതുമേഖലാ സ്ഥാപനങ്ങളെക്കുറിച്ചുള്ള നിയമസഭാ

സമിതിയുടെ നിർദ്ദേശങ്ങൾ പരിഗണിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. മികവുറ്റ ഉൽപാദന സംവിധാനങ്ങൾ ഏർപ്പെടുത്തിയും കാലാനുസൃതമായ സാങ്കേതിക വിദ്യ നടപ്പിലാക്കിയും, കാര്യക്ഷമമായ മാനേജ്മെന്റ് സംവിധാനത്തിലൂടെയും ആവശ്യമായ ധനസഹായം നൽകിയും സ്ഥാപനങ്ങളുടെ പുരോഗതി ലക്ഷ്യമിടുന്ന പദ്ധതികൾ സർക്കാർ നടപ്പിലാക്കുന്നുണ്ട്. മലബാർ സിമന്റ്സ്, കെ.എം.എം.എൽ. ഉൾപ്പെടെയുള്ള 15 പൊതുമേഖലാ സ്ഥാപനങ്ങൾ നിലവിൽ ലാഭത്തിൽ പ്രവർത്തിച്ചുവരുന്നതായി ഉപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു.

(നക്ഷത്ര ചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്ര ചിഹ്നമിടാത്ത 346 മുതൽ 665 വരെയുള്ള ചോദ്യങ്ങളിൽ 294 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)

* * * * * * * * * *